## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2908 — 15/02/2013 ൽ മറുപടിക്ക്

## സ്കൂൾ ഉച്ചഭക്ഷണ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.ഉമ്മർ:<br>ശ്രീ. സി.മമ്മൂട്ടി:<br>ശ്രീ. പി.ബി.അബ്ദുൾ റസാക്: | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കുന്നതിന് സ്കൂളുകൾക്ക് ആവശ്യമായ ഫണ്ട് ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) സ്കൂൾ ഉച്ചഭക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നത് ഏത് വർഷത്തെ വിലനിലവാര സൂചികയെ ആധാരമാക്കിയാണ്; വിശദാംശം നൽകുമോ; | ബി) വിലനിലവാര സൂചികയിലുണ്ടാകുന്ന വ്യതിയാനം കണക്കിലെടുത്ത് പരിഷ്കരിച്ച് നടപ്പിലാക്കുന്ന സംവിധാനമനുസരിച്ച് കുട്ടിയൊന്നിന് ഒരു നിശ്ചിത തുക കണക്കാക്കിയാണ് സ്കൂളുകൾക്ക് ഫണ്ട് അനുവദിക്കുന്നത്. ആയത് പ്രകാരം 150 കുട്ടികൾവരെ 5/- രൂപയും പുറമെ പാചകകൂലിയും, 500 കുട്ടികൾവരെ 6/- രൂപയും 500-ന് മുകളിലുള്ള കുട്ടികൾക്ക് ആദ്യത്തെ 500 കുട്ടികൾ വരെ 6/- രൂപയും അതിനുമുകളിൽ 5/- രൂപ വീതവും (പാചകകൂലി ഉൾപ്പെടെ) നൽകിവരുന്നു. |
| സി) നിത്യോപയോഗ സാധനങ്ങളുടെ വില ഉയർന്ന സാഹചര്യത്തിൽ നിലവിലുള്ള വിലനിലവാരസൂചികയെ അടിസ്ഥാനമാക്കി ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം നൽകുമോ; | സി) പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ